# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATURE.***

# CONTENTS

VOL. XLVII | MAY 2017 | No. 5


| Author | ARTICLES | *page* |
|---|---|---|
| പി.എസ്. റംഷാദ് | ശൈശവം മുതൽ വാർദ്ധക്യം വരെ : നയം മാറ്റി ആരോഗ്യകേരളം [മലയാളം, 15 മേയ് 2017] | 1-7 |
| എസ്. രാഘവൻ | കോഴി കൊറുപോകുന്നത് 6000 കോടി [കലാകൗമുദി, 21 മേയ് 2017] | 8-13 |
| Purnima S. Tripathi | Art of defiance [ Frontline, 26 May, 2017] | 14-20 |
| C.P. Chandrasekhar | Illusions of a recovery [ Frontline, 26 May, 2017 ] | 21-25 |
| Arindam Mukherjee & Ajay Sukumaran | Code Red For Rookie Techies in Boom Town [Outlook , 29 May, 2017] | 26-31 |
| **BOOK REVIEW:** | | |
| Shujaat Bukhari | The Colours of Kashmir [Book review on "Alluring Kashmir The Inner Spirit" written by Irfan Nabi & Nilosree Biswas] [Frontline, 16 May, 2017] | 32-34 |
| **LEGISLATIVE BUSINESS:** | Resume of Business - Twelfth Session of the 7th Mizoram Legislative Assembly | 35-37 |



## ശൈശവം മുതൽ വാർദ്ധക്യം വരെ; നയം മാറ്റി ആരോഗ്യകേരളം

പുകഴ്പെറ്റ കേരളാമാതൃകയിലെ പുഴുക്കുത്തുകൾ തിരിച്ചറിഞ്ഞ് അടിമുടി ആരോഗ്യനയം മാറ്റുകയാണ് സംസ്ഥാനം

**പി. എസ്. റംഷാദ്**

കേന്ദ്ര സർക്കാർ മാർച്ചിൽ പ്രസിദ്ധീകരിച്ചു സംസ്ഥാനങ്ങൾക്ക് അയച്ച ദേശീയ ആരോഗ്യ നയത്തിന്റെ കരടുമായി കേരളത്തിന്റെ പുതിയ ആരോഗ്യ നയത്തിന് എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെന്നോ ഇല്ലെന്നോ സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി തയ്യാറാക്കിയ സംസ്ഥാന ആരോഗ്യ നയത്തിന്റെ കരട് പറയുന്നില്ല. പക്ഷേ, രണ്ടു നയങ്ങൾക്കും തമ്മിൽ പൊതുവായി ചിലതുണ്ട് എന്നു കേന്ദ്രം ചർച്ചയ്ക്കുവിട്ട കരട് നയത്തിലൂടെയും കേരളം രാകി മിനുക്കിക്കൊണ്ടിരിക്കുന്ന കരട് നയത്തിലൂടെയും കടന്നുപോകുമ്പോൾ മനസ്സിലാകും.

പിണറായി വിജയൻ സർക്കാർ അധികാരത്തിലെത്തി മൂന്നു മാസം കഴിഞ്ഞപ്പോഴാണ് പുതിയ ആരോഗ്യനയം രണ്ടു മാസത്തിനുള്ളിൽ വരുമെന്ന് ആരോഗ്യമന്ത്രി കെ.കെ, ശൈലജ പറഞ്ഞത്. ആ കാലപരിധി കഴിഞ്ഞു പോയെങ്കിലും സർക്കാരിന് ഒരു വർഷം തികയുന്നതിനു തൊട്ടു മുൻപെങ്കിലും കരട് നയരേഖ സമർപ്പിക്കാനുള്ള ശ്രമത്തിലാണ് ആസൂത്രണ ബോർഡ് അംഗവും പ്രശസ്ത ജനകീയാരോഗ്യ പ്രവർത്തകനുമായ ഡോ.ബി. ഇഖ്ബാൽ അധ്യക്ഷനായ സമിതി. കേരളത്തിന്റെ സവിശേഷതകളിലേക്കു ദീർഘകാല ലക്ഷ്യങ്ങളിലൂന്നി തയ്യാറാക്കിയ ആരോഗ്യനയരേഖ കേരളത്തിനു നൽകുന്നതു വലിയ പ്രതീക്ഷയാണ്. ഏറെ പ്രകീർത്തിക്കപ്പെട്ട ആരോഗ്യരംഗത്തെ കേരള മാതൃകയ്ക്കേറ്റ തിരിച്ചടികൾ പരിഹരിക്കാൻ പുതിയ ആരോഗ്യ നയത്തിലെന്തുണ്ട് എന്ന ആകാംക്ഷയുമുണ്ട് അറുപതാം വാർഷികാഘോഷത്തിളക്കത്തിലെ കേരളത്തിന്. പുതിയ രൂപത്തിലും ഭാവത്തിലും തിരിച്ചു വന്നുകൊണ്ടിരിക്കുന്ന പകർച്ചവ്യാധികളും ജീവിത ശൈലീ രോഗങ്ങളും ഈ പിന്നോട്ടുപോക്കിന് അടിവരയിടുന്നു.



ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തി മെഡിക്കൽ കോളേജുകളുടെ നിലവാരത്തിലേക്ക് ഉയർത്താൻ അഞ്ചു വർഷത്തെ റോഡ് മാപ്പ്, വയോജന ചികിത്സയ്ക്കും ട്രോമ കെയറിനും പ്രാധാന്യം നൽകുന്ന പരിശീലനം, വാക്സിൻ നൽകൽ, സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യം വയോജന പരിരക്ഷ, അടിയന്തര ചികിത്സ, മാനസികാരോഗ്യം, ട്രാൻസ്ജെൻഡർ ആരോഗ്യം തുടങ്ങിയ വിവിധ മേഖലകളിലായി തിരിച്ചു പ്രശ്നപരിഹാര നിർദ്ദേശങ്ങൾ പറയുന്ന നയത്തെക്കുറിച്ചു പ്രതീക്ഷകൾ വലുതാകുന്നതു സ്വാഭാവികം.

"നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുനഃപരിശോധിക്കുകയും ഡോക്ടർമാരുടേയും നേഴ്സുമാരുടേയും എണ്ണം ഇരട്ടിയായി ഉയർത്തുകയും ചെയ്യും. പൊതു-ആരോഗ്യ സംവിധാനവുമായി ബന്ധപ്പെടുത്തി സമഗ്രവും സാർവ്വത്രികവുമായ ഇൻഷുറൻസ് നടപ്പിലാക്കും. മൂന്നു മെഡിക്കൽ കോളേജുകളെ എയിംസ് നിലവാരത്തിൽ ഉയർത്തും ഹൃദയശസ്ത്ര ക്രിയയ്ക്കുള്ള സൗകര്യവും കാത്ത്‌ലാബും താലൂക്ക് ആശുപത്രികളിൽ വരെ സ്ഥാപിക്കും. താലൂക്ക് ആശുപത്രികളിൽ അർബുദരോഗ പരിശോധനാ സംവിധാനമുണ്ടാക്കും." ഇടതുമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിനു മുൻപ് അവതരിപ്പിച്ച പ്രകടനപത്രികയിൽ ആരോഗ്യമേഖലയിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചു പ്രാഥമികമായി പറയുന്നതാണ് ഇത്രയും. തുടർന്ന്, പത്രികയിലെ വിശദാംശങ്ങളിൽ ഏറ്റവുമധികം പരാമർശിക്കുന്ന മേഖലകളിലൊന്ന് ആരോഗ്യമാണ്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ചെലവ് സംസ്ഥാന ഉല്പാദനത്തിന്റെ അഞ്ചു ശതമാനത്തിൽ എത്തിക്കും എന്നതാണ് അതിൽ പ്രധാനപ്പെട്ടത്. ആരോഗ്യനയം വാഗ്ദാനം ചെയ്യുന്ന ഏറ്റവും പ്രധാന കാര്യങ്ങളിലൊന്ന് എന്നുകൂടി ഇപ്പോൾ പറയാം. പക്ഷേ പ്രകടന പത്രിക അതേവിധമോ ചെറിയ മാറ്റങ്ങളോടെയോ പകർത്തിവച്ചതല്ല ആരോഗ്യനയം. നിലവിൽ മൊത്തം വരുമാനത്തിൽനിന്നു രണ്ടു ശതമാനത്തിൽ താഴെയാണ് ആരോഗ്യമേഖലയ്ക്കു നീക്കിവയ്ക്കുന്നത്. അതു തീരെ പരിമിതമാണെന്നും സർക്കാർ പൊതു ആരോഗ്യമേഖലയിൽ ഉന്നമിടുന്ന വൻകിട പരിരക്ഷാ പദ്ധതികൾക്ക് അതു



മതിയാകില്ലെന്നുമുള്ള തിരിച്ചറിവ് നയത്തിൽ പ്രകടം. പക്ഷേ, ഒറ്റയടിക്ക് അഞ്ചു ശതമാനത്തിലേക്ക് എത്തിക്കുമെന്നല്ല നയം പറയുന്നത്. അഞ്ചു വർഷം കൊണ്ട് അങ്ങോട്ടെത്തിക്കും എന്നാണ്. ഓരോ വർഷവും ഓരോ ശതമാനം വർധിപ്പിച്ച് അഞ്ചു ശതമാനത്തിലെത്തിക്കുകയാണ് ലക്ഷ്യം

രണ്ടുമാസത്തിനകം കരട് നയരേഖ സമർപ്പിക്കാൻ ആവശ്യപ്പെട്ട് 2016 സെപ്തംബർ ആദ്യമാണ് വിദഗ്ധസമിതിയെ സർക്കാർ നിയോഗിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ.കെ.പി. അരവിന്ദൻ കൺവീനറും ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ.ആർ.രമേശ്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ.എം. റംലാ ബീവി, ഹോമിയോപതി ഡയറക്ടർ ഡോ. കെ.ജമുന, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ ഡയറക്ടർ ഡോ.അനിതാ ജേക്കബ്, മുൻ ഡി.എച്ച്.എസ്. ഡോ.പി.കെ.ജമീല, സി.അച്യുതമേനോൻ ആരോഗ്യ പഠനകേന്ദ്രത്തിലെ പ്രൊഫ.വി.രാമൻകുട്ടി, സാമൂഹിക പ്രവർത്തക ഉമ പ്രേമൻ, ഡോ.പി.കെ. ശശിധരൻ, ഡോ.രാജ്മോഹൻ, ഡോ.എ.കെ.ജയശ്രീ, ഡോ.വി.ജി. പ്രദീപ്, ഡോ.പി.കെ. മോഹൻലാൽ, ഡോ. ആശ വിജയൻ, ഡോ. ആർ.ജയപ്രകാശ്, ഡോ. സി.സുന്ദരേശൻ എന്നിവർ അംഗങ്ങളുമാണ്. ആരോഗ്യ മേഖലയിൽ ഭാവിയിലുണ്ടാകാവുന്ന വെല്ലുവിളികൾ കൂടി മുന്നിൽ കണ്ടുകൊണ്ട്, ‘ സമഗ്രനയം ’ എന്ന കാഴ്ചപ്പാട് സർക്കാർ അധികാരമേറ്റ പിന്നാലെ തന്നെ മന്ത്രി കെ.കെ.ഷൈലജ മുന്നോട്ടു വച്ചിരിക്കുന്നു. 2013-ൽ ഉമ്മൻചാണ്ടി സർക്കാർ പുറത്തിറക്കിയ ആരോഗ്യനയം പൂർണമായും മാറ്റിവച്ചു കൊണ്ടാണ് പുതിയ നയം തയ്യാറാക്കുന്നത്. കേരളത്തിൽ പുതിയ ഒരു ആരോഗ്യമാതൃകയ്ക്ക് സാധ്യത മുന്നിൽ കണ്ടുകൊണ്ടുള്ള രേഖയാണ് ഇതെന്നും വികേന്ദ്രീകൃതവും ജനപങ്കാളിത്തത്തോടു കൂടിയതുമായിരിക്കും പുതിയ മാതൃക എന്നുമാണ് ഡോ.ഇക്ബാൽ ഉൾപ്പെടെയുള്ളവർ കഴിഞ്ഞ ചില മാസങ്ങളായി നൽകിക്കൊണ്ടിരിക്കുന്ന സൂചന. ഇരുന്നൂറിലധികം സംഘടനകളുമായി വിദഗ്ധ സമിതി ആശയവിനിമയം നടത്തുകയും തിരുവനന്തപുരത്തും കോഴിക്കോട്ടും കൊച്ചിയിലും സിറ്റിംഗ് നടത്തുകയും ചെയ്തു. കഴിഞ്ഞ ഇടതുമുന്നണി സർക്കാർ ആവേശത്തോടെ തുടങ്ങിവച്ചെങ്കിലും പാതിവഴിക്കു നിന്നുപോയ റഫറൽ



സംവിധാനത്തിനു പുതിയ നയത്തിൽ ഊന്നലുണ്ട്. രോഗികൾ നേരെ മെഡിക്കൽ കോളേജുകളിലേക്കു പോകുന്ന സ്ഥിതി നിയന്ത്രിക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ളവയെ ശക്തിപ്പെടുത്തുക ലക്ഷ്യമാണ്.

സാർവ്വത്രിക ആരോഗ്യ സേവനം, പൊതു ആരോഗ്യമേഖലയുടെ വിപുലീകരണം, പ്രാഥമികാരോഗ്യ-കുടുംബാരോഗ്യ സേവനം, ദ്വിതീയ-തൃതീയ ചികിത്സാ മേഖല മെച്ചപ്പെടുത്തുക, കോർപ്പറേറ്റ് ആശുപത്രികളെ നിയന്ത്രിക്കുക, മനുഷ്യ വിഭവശേഷി ആസൂത്രണം ചെയ്തു വിനിയോഗിക്കുക, പൊതുനികുതി യിലൂടെ വിഭവ സമാഹരണം നടത്തുക എന്നീ കാര്യങ്ങൾക്ക് ആരോഗ്യനയത്തിൽ പ്രത്യേക ഊന്നലുണ്ട്. പൊതു നികുതിയിലൂടെ വിഭവ സമാഹരണം എന്നതിന്റെ നേരിട്ടുള്ള അർത്ഥം ആരോഗ്യമേഖല നന്നാക്കുന്നതിനു ജനത്തിനു മേൽ പുതിയ ബാധ്യതാ നിർദ്ദേശങ്ങൾ എന്നാണോ എന്ന് ഇനി വ്യക്തമാകാനിരിക്കുന്നതേയുള ളൂ. ആരോഗ്യ ഇൻഷുറൻസ് പദ്ധതി വഴി ലഭിക്കുന്ന വിഹിതം പ്രയോജനപ്പെ ടുത്തി സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും എന്നു പ്രകടനപത്രിക വ്യക്തമാക്കിയിരുന്നു. അതും നയരേഖ യിൽ പറയുന്ന പൊതുനികുതിയിലുള്ള വിഭവ സമാഹരണവും തമ്മിലൊരു പൊരുത്തക്കേടുണ്ട്. അതോ ഇതു രണ്ടും കൂടി ചേർത്തു കിട്ടുന്നതുകൊണ്ടാണോ ആരോഗ്യമേഖല നന്നാക്കുന്നത് എന്നറിയാൻ കാത്തിരിക്കുകയോ വഴിയുള്ളൂ.

പൊതു ആരോഗ്യ മേഖലയെ വിപുലീകരിച്ചു ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നിരവധി നിർദ്ദേശങ്ങൾ പുതിയ നയത്തിലുണ്ട്. നിയമ നിർമ്മാണവും ഘടനാപരമായ മാറ്റങ്ങളും പോലെ കനമുള്ള കാര്യങ്ങളാണ് അത്. പ്രാഥമികാ രോഗ്യ കുടുംബാരോഗ്യ സേവനത്തിനു ഫാമിലി ഹെൽത്ത് കെയർ ഒരു നിർദ്ദേ ശമാണ്. നിലവിലെ ഡോക്ടർമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും എണ്ണം വച്ചുകൊണ്ട് ഇതത്ര എളുപ്പമല്ലെന്നു മനസ്സിലാക്കി തന്നെയാണ് ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും എണ്ണം വർദ്ധിപ്പിക്കാനുള്ള ശുപാർശ. ആവശ്യത്തിനു ഡോക്ടർമാരില്ല എന്നതു മുഖ്യപ്രശ്നമായി തിരിച്ചറിയുമ്പോഴും പരിഹരിക്കാൻ ശരിയായ ഇടപെടൽ കൂടി വേണമെന്ന



തിരിച്ചറിവ് നയത്തിലുണ്ട്. നിലവിൽ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത് ആവശ്യത്തിനു ഡോക്ടർമാരും മറ്റു ജീവനക്കാരും ഇല്ലാതെയാണ്. ആവശ്യത്തിനു ഡോക്ടർമാരെ നിയമിക്കാതെ പുതിയ മെഡിക്കൽ കോളേജുകൾ നിർമ്മിക്കുന്ന അരാജകാവസ്ഥയ്ക്കു പരിഹാരം എന്നതിനു തുടർച്ചയായാ മറ്റൊന്നുകൂടിയുണ്ട്. സംസ്ഥാനത്ത് ഇനി പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങില്ല. സാർവത്രിക ആരോഗ്യ സേവനത്തിന് ആഗോള നിലവാരമുള്ള ആരോഗ്യപരിരക്ഷയാണ് ലക്ഷ്യം. ആദ്യ ഘട്ടത്തിൽ ഇൻഷുറൻസ് പോലുള്ളവ നടപ്പാക്കുകയും വിപുലീകരിക്കുകയും ചെയ്യും.

കേന്ദ്ര സർക്കാർ പാസാക്കിയ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് ഫലപ്രദമായി നടപ്പാക്കിയാണ് കോർപ്പറേറ്റ് ആശുപത്രികളെ നിയന്ത്രിക്കുക കേന്ദ്ര നിയമത്തിൽ കേരളത്തിന്റെ പ്രത്യേകതകൾ അനുസരിച്ചു മാറ്റങ്ങൾ വരുത്തും. " മന്ത്രി മുതൽ താഴോട്ടുള്ളവർ ആരോഗ്യമേഖലയിലെ പ്രതിസന്ധിയെക്കുറിച്ചു ബോധമുള്ളവരായിരിക്കണം എന്നതിനും എന്തൊക്കെ പ്രശ്നങ്ങളാണ് നേരിടുന്നതെന്ന വ്യക്തമായ ധാരണ വേണം" എന്നതിനുമുണ്ട് ഊന്നൽ.

**ആരോഗ്യത്തിലെ കേന്ദ്ര നയം**

ദ്വിദീയ പരിരക്ഷാ സേവനങ്ങൾ, പൊതുമേഖലാ ആശുപത്രികളുടെ നവീകരണം, കുട്ടികളുടേയും കൗമാരക്കാരുടേയും ആരോഗ്യം, എല്ലാവർക്കും രോഗപ്രതിരോധം, ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ ഉറച്ച നടപടികൾ, വിഭവ സമാഹരണം, വാക്സിൻ സുരക്ഷ, മരുന്നുകളുടേയും മെഡിക്കൽ ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പാക്കൽ, അവശ്യ മരുന്നുകളുടേയും വാക്സിനുകളുടേയും ഉൽപ്പാദനത്തിനുള്ള പൊതുമേഖലാ ശേഷി വികസിപ്പിക്കുക, ആരോഗ്യ ഗവേഷണത്തിന് ഇതുവരെയുള്ളതിനേക്കാൾ പ്രധാന്യം തുടങ്ങി സംസ്ഥാന നയത്തിലും ദേശീയ നയത്തിലും പൊതുവായി പലതുമുണ്ട്. എന്നാൽ, ദേശീയ നയം വരാൻ കാത്തിരുന്നുവെന്നോ അതിൽ നിന്നുകൂടി വേണ്ടത് എടുത്തുവെന്നോ അതിന് അർത്ഥമില്ല. ഉണ്ടെങ്കിൽത്തന്നെ നയരൂപീകരണ സമിതിയും സർക്കാരും അതു സമ്മതിക്കാൻ തയ്യാറുമല്ല. ദേശീയ നയത്തിന്റെ കരടിൽ സംസ്ഥാനത്തിനു ഗുണകരവും ദോഷകരവുമായ



ഘടകങ്ങൾ എന്തൊക്കെയാണെന്ന ചോദ്യത്തിനു കഴിഞ്ഞ മാസം 25-നു മന്ത്രി കെ.കെ.ശൈലജ നിയമസഭയിൽ നൽകിയ മറുപടി, 'പരിശോധിച്ചു വരുന്നു'എന്നായിരുന്നു. സമീപ ദിവസങ്ങളിൽ മാത്രമാണ് അതു കിട്ടിയത് എന്നാണ് കാരണം പറഞ്ഞത്. സി.കെ. നാണു, കെ.കൃഷ്ണൻകുട്ടി, കെ.ബി. ഗണേഷ് കുമാർ എന്നിവരുടേതായിരുന്നു ചോദ്യം.

പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും മെഡിക്കൽ കോളേജ് മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം വരെയുള്ള സർക്കാർ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താനും എന്തൊക്കെയാണ് നിർദ്ദേശങ്ങളുള്ളതെന്നും അവർ ചോദിച്ചിരുന്നു. മറുപടിയിൽ അതുകേട്ടഭാവം നടിച്ചില്ല. പരമ്പരാഗത ചികിത്സാ വിഭാഗങ്ങളായ ആയുർവേദം, സിദ്ധ, യൂനാനി, ഹോമിയോ വിഭാഗങ്ങളുടെ സമഗ്രവികസനത്തിനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെ, ഗ്രാമീണ ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യവികസനം, ജീവൻരക്ഷാ മരുന്നുകളുടെ വില നിയന്ത്രണം, മരുന്നുകളുടെ ഗവേഷണം പ്രോത്സാഹിപ്പിക്കൽ, മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തൽ എന്നിവയെക്കുറിച്ചു ദേശീയ നയം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടുകൾ എന്തൊക്കെ എന്നീ ചോദ്യങ്ങളും എം.എൽ.എ മാർ ഉന്നയിച്ചു. രണ്ടു നയത്തിന്റെയും കരടുകൾ ഒത്തു നോക്കുമ്പോൾ ഇടതുമുന്നണിക്ക് എൻ.ഡി.എ. യുമായുള്ള ശക്തമായ രാഷ്ട്രീയ വിയോജിപ്പുകൾ നിലനിൽക്കെത്തന്നെ ആരോഗ്യനയത്തിലെ പൊതു യോജിപ്പുകൾ പ്രകടമാണ്.

1983-ലെയും 2002-ലെയും ദേശീയ ആരോഗ്യ നയങ്ങൾ പഞ്ചവൽസര പദ്ധതികളിലെ ആരോഗ്യമേഖലയോടുള്ള സമീപനത്തിനു മാർഗ്ഗദർശനം നൽകിയിട്ടുണ്ട് എന്നു ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പുതിയ ദേശീയ നയം തുടങ്ങുന്നത്. അവസാനം ദേശീയ ആരോഗ്യനയം രൂപീകരിച്ചതു 14 വർഷ ങ്ങൾക്കു മുൻപാണ്. അതിനുശേഷം നാലു പ്രധാന ദിശകളിൽ പശ്ചാത്തലം മാറിയിരിക്കുന്നു. ആരോഗ്യ മുൻഗണനകൾ മാറി എന്നതാണ് ഒന്നാമത്തേത്. "ഗർഭസ്ഥ ശിശുമരണവും ശിശുമരണവും കുത്തനേ കുറഞ്ഞു. മറുവശത്തു സാമൂഹിക രോഗങ്ങളും പകർച്ചവ്യാധികളും വർധിച്ചു." എന്നു ദേശീയ



നയത്തിന്റെ ആമുഖത്തിൽ പറയുന്നതു കേരളത്തെ സംബന്ധിച്ചിടത്തോളം എത്ര മേൽ സത്യമാണ് എന്ന് അംഗീകരിക്കുമ്പോൾ പൊതുപരിഹാര മാർഗ്ഗങ്ങളിലും കൈകോർക്കാനാകും; സംശയമില്ല.

ആരോഗ്യമേഖലയ്ക്കുള്ള സാമ്പത്തിക പിന്തുണ വർധിപ്പിക്കണം എന്ന കേരളത്തിന്റെ കാഴ്ചപ്പാട് തന്നെയാണ് കേന്ദ്രവും രണ്ടാമതായി പറയുന്നത്. ആരോഗ്യപരിരക്ഷാ ചെലവുകൾ ആകസ്മികമായി വർധിപ്പിക്കുന്ന സംഭവങ്ങൾ വർധിച്ചു എന്നതാണ് മൂന്നാമത്തേത്. നാലാമതായി, സമ്പദ്ഘടനയുടെ വളർച്ചയുണ്ടാക്കുന്ന സവിശേഷ പ്രതിസന്ധികൾ. കേരളം ലോകത്തിനു സമ്മാനിച്ച മികച്ച ആരോഗ്യ മാതൃകകളേക്കുറിച്ചു തന്നെയാണ് കേരളത്തിന് ആവർത്തിച്ചു പറഞ്ഞു കൊണ്ടേ ഇരിക്കാനുള്ളത്. പക്ഷേ, അവയ്ക്കു തിരിച്ചടി നേരിട്ടുകൊണ്ടിരിക്കുന്നു എന്നു തുറന്നു സമ്മതിച്ചുകൊണ്ടാണ് ഇത്തവണ പുതിയ നയം മുന്നോട്ടു വയ്ക്കുന്നത്. ഇന്നലെകളിലെ മികവുകളേക്കുറിച്ചു വലിയ അവകാശവാദങ്ങൾ ആവർത്തിക്കുകയും ഇന്നിന്റേയും നാളയുടേയും പ്രതിസന്ധികൾക്കു മുന്നിൽ പരിഹാരം നിർദ്ദേശിക്കാൻ ഇല്ലാതിരിക്കുകയും ചെയ്യുന്നതിലെ നാണക്കേട് തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. തിരിച്ചടികൾ തുറന്നു സമ്മതിച്ചാൽ പിന്നെ പുതിയ കുതിപ്പുകൾക്കു വേണ്ടി പഴയതു പലതും കൈയൊഴിയേണ്ടി വന്നേക്കും. എന്തൊക്കെ ? പ്രസക്തമാണ് ചോദ്യം. അതിനുള്ള സമഗ്രമായ ഉത്തരം കൂടിയാവാം ഡോ.ഇഖ്ബാൽസമിതിയുടെ കൈയിലുള്ളത്.

മലയാളം,

15 മേയ്, 2017.

♦♦♦♦♦



## കോഴി കൊണ്ടു പോകുന്നത് 6000 കോടി

**എസ് രാഘവൻ**

ഇന്ത്യയിൽ കോഴികളുടെ തറവാടെന്നഭിമാനിച്ചിരുന്ന സംസ്ഥാനമാണ് കേരളം. മുംബൈ, കൊൽക്കത്ത, ഡൽഹി തുടങ്ങിയ വൻ നഗരങ്ങളിലേക്കു പോലും കോഴിമുട്ടകൾ കയറ്റി അയച്ച് പണം സമ്പാദിച്ചിരുന്ന പാരമ്പര്യമാണ് നമുക്കുണ്ടിയിരുന്നത്. എന്നാൽ ഇന്ന് ആറായിരത്തിൽ പരം കോടി രൂപ ആണ്ടു തോറും മുട്ടയാക്കും ഇറച്ചിക്കോഴികൾക്കുമായി അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകി പോകുന്ന പരിതാപകരമായ നിലയിലേക്ക് നാം കൂപ്പുകുത്തിയിരിക്കുന്നു. പുരാതന കാലം മുതൽ സാധാരണക്കാരായ കേരളീയ വീട്ടമ്മമാരുടെ മടിശ്ശീലയിൽ പണം നിറച്ചിരുന്നത് വീട്ടുവളപ്പുകളിൽ വളർന്നിരുന്ന കോഴികൾ ആയിരുന്നു. ഇന്ത്യയിലെ വൻകിട നഗരങ്ങളിലേക്ക് പോലും ഇവിടെ നിന്നും മുട്ടകൾ എത്തിച്ചിരുന്നതു കൂടാതെ ഇറച്ചിക്കോഴി വളർത്തൽ പ്രചുരപ്രചാരം സിദ്ധിക്കുന്ന 1980 കൾ വരെ മുട്ട ഇട്ടു കഴിഞ്ഞ നാടൻ പിടക്കോഴികളെയും, പൂവൻകോഴികളെയും ഇറച്ചിക്കുവേണ്ടി തമിഴ്നാട് ഉൾപ്പെടെയുള്ള അയൽ സംസ്ഥാനങ്ങളിലേക്ക് കേരളത്തിൽ നിന്നും കയറ്റി അയക്കുകയും ചെയ്തിരുന്നു.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സാധാരണക്കാരായ ഗ്രാമീണരുടെ സാമ്പത്തിക ഉന്നമനത്തിനായി പഴയ തിരുകൊച്ചി സർക്കാരും പിന്നീട് കേരള സർക്കാരും മൃഗസംരക്ഷണ വകുപ്പിലൂടെ കോഴിവളർത്തൽ മേഖലയെ ആധുനികവൽക്കരിക്കാനുള്ള വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

നാടൻ കോഴികളുടെ മുട്ടകൾ മാത്രമല്ല, വിദേശവർഗ്ഗങ്ങളായ വൈറ്റ് ലെഗോൺ തുടങ്ങിയവയുടെ മുട്ടകളും കയറ്റി അയച്ചിരുന്നു. അങ്ങനെ കോഴിവളർത്തൽ മേഖലയെ എല്ലാ സാങ്കേതിക മികവുകളോടും കൂടി



വ്യാവസായികാടിസ്ഥാനത്തിൽ വിപുലീകരിക്കുവാൻ അന്നത്തെ മൃഗസംരക്ഷണ വകുപ്പിന് സാധിച്ചിരുന്നു.

ചെങ്ങന്നൂരിൽ നിന്നും തലഉയർത്തി നിൽക്കുന്ന സെൻട്രൽ ഹാച്ചറിയുടെ നേതൃത്വത്തിലും ജില്ലകൾ തോറും സ്ഥാപിക്കപ്പെട്ടിട്ടുള്ള മേഖല ജില്ലാകോഴി വളർത്തൽ കേന്ദ്രങ്ങൾ, തിരുവനന്തപുരത്തും, മൂവാറ്റുപുഴയിലും ഏറ്റവും മികവോടെ പ്രവർത്തിച്ചിരുന്ന ഇന്റൻസീവ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ടുകൾ, കണ്ണൂർ പൗൾട്രി ഡെവലപ്മെന്റ് പദ്ധതി, പഞ്ചായത്തുകളും വികസന ബ്ലോക്കുകളും കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന പൗൾട്രി യൂണിറ്റുകൾ തുടങ്ങി കോഴിവളർത്തൽ പ്രവർത്തനങ്ങളുടെ വിപുലമായ ഒരു ശൃംഖല കേരളത്തിൽ വിജയകരമായി പ്രവർത്തിച്ചിരുന്നു. കൂടാതെ കോഴികളുടെ രോഗ പ്രതിരോധത്തിനും തുടർ ചികിത്സയ്ക്കുമാവശ്യമായ ഡിസീസ് ഇൻവെസ്റ്റിഗേഷൻ പദ്ധതികളും, സമീകൃതമായ കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറികൾ, ഉപകരണങ്ങൾ നിർമ്മിക്കാനുള്ള വർക്കുഷോപ്പുകൾ, കോഴി ത്തീറ്റയുടെ ഗുണപരിശോധന ലബോറട്ടറികൾ, പരിശീലന കേന്ദ്രങ്ങൾ,വിപണന കേന്ദ്രങ്ങൾ തുടങ്ങിയവയും നിറഞ്ഞു നിന്ന ഒരു വൻകിട പദ്ധതിയായിരുന്നു നമ്മുടെ കോഴിവളർത്തൽ മേഖല.

ഇതിനെല്ലാം പുറമേ കോഴിക്കുഞ്ഞുങ്ങൾ വിരിയുന്ന ഉടൻ തന്നെ ലിംഗ നിർണ്ണയം ചെയ്ത് പൂവനും, പിടയും വേർതിരിക്കുന്ന ജാപ്പനീസ് സമ്പ്രദായം പരിശീലിപ്പിക്കുന്നതിനുള്ള ചിക്സെക്സിംഗ് സ്കൂൾ ഇന്ത്യയിലാദ്യമായി ചെങ്ങന്നൂർ ഹാച്ചറിയിൽ 1967-68 ൽ സ്ഥാപിക്കുകയുണ്ടായി. ഇവിടെ നിന്നും പരിശീലനം സിദ്ധിച്ച നൂറുകണക്കിന് യുവതീയുവാക്കൾ ഇന്ത്യയിലും, പുറം രാജ്യങ്ങളിലും ജോലി നോക്കി വരുന്നു.

വിരിയുന്ന ഉടൻ തന്നെ മുട്ടവർഗ്ഗത്തിൽപെട്ട കോഴിക്കുഞ്ഞുങ്ങളിലെ പൂവനും പിടയും തിരിഞ്ഞു മാറ്റുന്നതു മൂലം മുട്ട ഉൽപ്പാദന മേഖലയിൽ ആയിരക്കണക്കിന് കോടി രൂപ ആണ്ടു തോറും ലാഭമുണ്ടാക്കുന്നുണ്ട്. ഈ ലാഭത്തിന് വഴിവച്ചതും ഇന്ത്യയിലാകമാനമുള്ള മുട്ട ഉത്പാദനമേഖലയെ വൻപിച്ച



പുരോഗതിയിലേക്ക് നയിക്കുവാനുള്ള ശക്തികേന്ദ്രമായതും ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയ്ൽ സ്ഥാപിച്ച ചിക്സ് സെക്സിംഗ് സ്കൂളിന്റെ സ്തുത്യർഹമായ പ്രവർത്തനമായിരുന്നു.

ഇതിനു പുറമേ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് മുട്ട സംഭരണ വിപണന കേന്ദ്രം സംസ്ഥാന വ്യാപകമായി പ്രവർത്തിച്ചിരുന്നത് മുട്ടക്കോഴി വളർത്തൽ മേഖലയ്ക്കും കർഷകർക്കും വമ്പിച്ച നേട്ടമായിരുന്നു.

പദ്ധതികളുടെ ഗുണഭോക്താക്കളായി കോഴിവളർത്തൽ മേഖലയിൽ പ്രവർത്തിച്ചിരുന്ന കർഷകർക്ക് മികച്ച ആനുകൂല്യങ്ങളും പരിശീലനങ്ങളും നൽകിയിരുന്നു. അടിസ്ഥാന സൗകര്യങ്ങൾക്ക് സാമ്പത്തിക സഹായവും അത്യുൽപ്പാദന ശേഷിയുള്ള പിടക്കോഴി കുഞ്ഞുങ്ങളെ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക, ഗുണനിലവാരമുള്ള കോഴിത്തീറ്റ കുറഞ്ഞ നിരക്കിലും സബ്സിഡിയോടു കൂടിയും ഫാമുകളിലെത്തിച്ചു കൊടുക്കുക. കോഴിമുട്ടകൾ ഫാമുകളിൽ നിന്നു തന്നെ ശേഖരിച്ച് വിപണനം ചെയ്യുക മുതലായ സൗകര്യങ്ങളും, സേവനങ്ങളും കർഷകർക്ക് നൽകിയിരുന്നു. പ്രതിരോധ കുത്തി വയ്പ്പുകൾ, പരിശീലന മികവിന്റെ പരിശോധനയും, നിർദ്ദേശങ്ങളും നൽകുക. ഉത്പാദന ക്ഷമതയില്ലാത്ത കോഴികളെ തിരഞ്ഞുമാറ്റുക (കള്ളിങ്) മുതലായ സാങ്കേതിക സേവനങ്ങളും തികച്ചും സൗജന്യമായിരുന്നു.

1965–1980 കാലഘട്ടത്തിൽ ഉൽപ്പാദനം കുതിച്ചു കയറുകയും, മൃഗ സംരക്ഷണ വകുപ്പിന് പുറമേ സഹകരണ സംഘങ്ങളും മുട്ട സംഭരണ വിപണന രംഗത്തേക്ക് കടന്നുവന്ന് പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും ചെയ്തിരുന്നു.

കോഴിവളർത്തലിനാവശ്യമായ ഉപകരണങ്ങൾ ചെങ്ങന്നൂരിലും മൂവാറ്റു പുഴയിലും പ്രവർത്തിച്ചിരുന്ന നിർമ്മാണ കേന്ദ്രങ്ങളിൽ ഉൽപ്പാദിപ്പിച്ച് കുറഞ്ഞ നിരക്കിൽ ഫാമുകളിൽ എത്തിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതികളെയെല്ലാം ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പരിചയ സമ്പന്നരും പ്രഗൽഭരുമായ ജോയിന്റ് ഡയറക്ടർമാർ മൃഗസംരക്ഷണ വകുപ്പിലെ പൗൾട്രി വിഭാഗത്തിനു നേതൃത്വം നൽകിയിരുന്നു.



ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുൾപ്പെടെ കേരളത്തിൽ അന്നുണ്ടായിരുന്ന പദ്ധതികൾ പ്രവർത്തനങ്ങൾ കണ്ടു പഠിച്ച് തമിഴ്നാട് സർക്കാരിന്റെ പൗൾട്രി കോർപ്പറേഷൻ രൂപീകരിക്കുവാൻ എം.ഡി ആയി നിയുക്തയായിരുന്ന ഷീല നായർ ഐ.എ.എസ്. 1970 കളിൽ സെൻട്രൽ ഹാച്ചറിയിൽ എത്തിയിരുന്നു. അന്ന് നമ്മുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദമായ വിവരങ്ങൾ നൽകുവാൻ സെൻട്രൽ ഹാച്ചറിയിലെ ഒരു സീനിയർ ജീവനക്കാരനായിരുന്ന ഈ ലേഖകൻ നിയോഗിക്കപ്പെട്ടിരുന്നു.

ഈ സന്ദർഭത്തിൽ നിന്നും ലഭിച്ച വിലപ്പെട്ട വിവരങ്ങളിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ഷീലാ നായർ തമിഴ്നാട് സർക്കാരിന്റെ വമ്പിച്ച പ്രോത്സാഹനങ്ങളും സഹായപദ്ധതികളും ഏകോപിപ്പിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി തമിഴ്നാട്ടിലെ കോഴിവളർത്തൽ മേഖല അസൂയാവഹമാംവണ്ണം പടർന്ന് പന്തലിക്കുകയായിരുന്നു.

കേരളമാകട്ടെ കോഴിവളർത്തലുകാർക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ ക്രമേണവെട്ടി ചുരുക്കുകയും നിറുത്തലാക്കുകയുമാണുണ്ടായത്. കോഴിയുടെ മുട്ടയുൽപ്പാദനശേഷി വർദ്ധിപ്പിക്കുവാനും നിലനിർത്തുവാനും ആവശ്യമായ ബ്രീഡിംഗ് പ്രോഗ്രാം നിറുത്തലാക്കുകയും വിദേശത്തുനിന്ന് വരുത്തിയിരുന്ന വിലയേറിയ മുട്ടക്കോഴി വർഗ്ഗങ്ങളുടെ പരമ്പരകളെ പ്രയോജനപ്പെടുത്താതെ അവഗണിക്കുകയും വികസന പദ്ധതികളെല്ലാം തന്നെ നിറുത്തലാക്കുകയും ചെയ്തു. നിലവിലുള്ള മേഖലാ ജില്ലാ കോഴിവളർത്തൽ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും വേണ്ടത്ര തൃപ്തികരമല്ലെന്നാണറിയുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിരുന്നതിൽ ഭൂരിഭാഗവും ഉപയോഗപ്പെടുത്താതെ നിഷ്ക്രിയവുമാണ്.

ഇതിന്റെയെല്ലാം ഫലമായി കേരളത്തിന്റെ മുട്ട ഉൽപ്പാദനമേഖല തകർന്നടിയുകയും കേരളത്തിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ മുട്ടകൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഒഴുകിയെത്തുവാനും തുടങ്ങി.



തമിഴ്നാട് ഉൾപ്പെടെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്ക് മുട്ടകൾ കയറ്റി അയച്ചിരുന്ന കേരളത്തിന്റെ മേൽക്കോയ്മ അതോടെ അവസാനിക്കുകയും ചെയ്തു. തമിഴ്നാട്ടിൽ കർഷകർക്കു ലഭിച്ച പ്രോത്സാഹനവും മറ്റനുകൂല സാഹചര്യങ്ങളും വമ്പിച്ച വളർച്ചയ്ക്ക് വഴിതെളിച്ചപ്പോൾ കേരളത്തിലെ കർഷകർക്കു ലഭിച്ച അവഗണനയും കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിൽ ഔദ്യോഗിക തലത്തിലും ഭരണരംഗത്തും അനുഭവപ്പെട്ട മരവിപ്പും കെടുകാര്യസ്ഥതയും കേരളത്തിലെ മുട്ടക്കോഴികൾ വളർത്തൽ പദ്ധതികൾക്ക് കുഴിതോണ്ടുകയായിരുന്നു.

ഈ ദുർഘടസന്ധിയിൽ മുട്ടക്കോഴി വളർത്തലിൽ പിടിച്ചുനിൽക്കുവാൻ പറ്റാതെ പിൻവാങ്ങിയ കേരള കർഷകൻ അതിവേഗം ആദായം ലഭിക്കുന്ന ഇറച്ചി ക്കോഴി വളർത്തലിലേക്ക് പ്രവർത്തന മേഖല തിരിച്ചുവിട്ടു. അവിടേയും തമിഴ്നാട്ടിലെ സംരംഭകരുടെയും, പൗൾട്രി കോർപ്പറേഷന്റെയും കഴുകൻ കണ്ണുകൾ നമ്മുടെ മേൽ പതിച്ചു. കേരളീയരുടെ ഇറച്ചിത്തീറ്റ വർദ്ധിച്ചതോടെ നികുതി സൗജന്യമുൾപ്പെടെ നേടിയെടുത്തത് കുറഞ്ഞ വിലയ്ക്ക് മുട്ടയ്ക്ക് പുറമേ തമിഴ്നാട് ഇറച്ചിക്കോഴിയും കേരളത്തിലേക്ക് പ്രവഹിക്കുവാൻ തുടങ്ങി. തുടർന്ന് കേരളത്തിലെ സംരംഭകർക്ക് പിടിച്ചുനിൽക്കുവാൻ സാധിക്കാതെ മുട്ടുമടക്കുക യാണുണ്ടായത്.

ആറായിരത്തിൽപ്പരം കോടി രൂപ ആണ്ടുതോറും മുട്ടയ്ക്കും, കോഴി ഇറച്ചിക്കും വേണ്ടി ഈ കൊച്ചുകേരളത്തിൽ നിന്നും തമിഴ്നാട്ടിലേക്കൊഴുകു മ്പോൾ കൃത്രിമ വിലവർദ്ധനമൂലം ഈ തുക നൂറുകണക്കിനു കോടികൾ വീണ്ടും വർദ്ധിക്കുമെന്ന് ഉറപ്പാണ്.

സമഗ്രമായ പദ്ധതികളിലൂടെ നഷ്ടപ്പെട്ട പ്രൗഢി വീണ്ടെടുത്ത് കോഴി മുട്ടയ്ക്കും, കോഴി ഇറച്ചിക്കും സ്വയംപര്യാപ്തത കൈവരിച്ച് കേരളത്തിലെ സാധാരണക്കാർക്ക് ലാഭകരമായ സ്വയം തൊഴിൽ കണ്ടെത്തുവാനും ആയിരക്കണക്കിനു കോടികൾ ചോർന്നു പോകാതെ കേരളത്തിന്റെ സമ്പദ്വ്യവ സ്ഥയ്ക്കു മുതൽക്കൂട്ടാക്കുവാനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോഴും കേരളത്തിലുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ചെങ്ങന്നൂർ



സെൻട്രൽ ഹാച്ചറിയുൾപ്പെടെ മികവുറ്റ സ്ഥാപനങ്ങൾ വളരെയേറെയുണ്ട്. അവയുടെ പ്രവർത്തനങ്ങൾ നവീകരിച്ചും പുനസംഘടിപ്പിച്ചും പൗൾട്രി കോർപ്പറേഷന്റെ പ്രവർത്തനമേഖല വേണ്ടവണ്ണം പുനഃരാവിഷ്കരിച്ചും അടുത്ത മൂന്ന് വർഷത്തിനകം നമ്മുക്ക് കോഴി ഇറച്ചിയിലും കോഴി മുട്ടയിലും സ്വയം പര്യാപ്തത നേടുവാൻ സാധിക്കും.

മാറിയ കാലഘട്ടത്തിൽ ജൈവ പച്ചക്കറി ഉൽപ്പാദനത്തിൽ നമ്മുടെ വിദ്യാർത്ഥികൾ മാതൃക ആയതുപോലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിപണനസാദ്ധ്യത മനസ്സിലാക്കി ഓരോ വാർഡുകളിലെയും, വാർഡ് മെമ്പർമാരുടെയും കൗൺസിലർമാരുടെയും സജീവ സഹകരണത്തോടെ മുട്ടക്കോഴികളെയും ഇറച്ചിക്കോഴികുഞ്ഞുങ്ങളെയും വിതരണം ചെയ്ത് 'പലതുള്ളി വെള്ളം' പോലെ കേരളത്തിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ കോഴിമുട്ടകളും കോഴി ഇറച്ചിയും നിഷ്പ്രയാസം ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും ഇതിലേക്ക് സമഗ്രമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് ജനപങ്കാളിത്തത്തോടു കൂടി ഊർജ്ജിതമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളും ജനപ്രതിനിധികളും ഇനിയൊട്ടു അമാന്തിക്കുവാൻ പാടില്ല. സഹകരണ മേഖലയുടെ സജീവമായ ഇടപെടലും സേവനവും ഈ പദ്ധതികളുടെ വിജയപ്രദമായ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്.

കലാകൗമുദി<br>21 മേയ്, 2017

♦♦♦♦♦



# Art of Defiance

**The Art of Living Foundation is challenging the National Green Tribunal's authority to impose a fine on it for the irreparable damage its cultural extravaganza caused on the Yamuna's floodplains in 2016.**

**Purnima S. Tripathi**

THE National Green Tribunal (NGT), the topmost body in the country responsible for the expeditious disposal of cases relating to the environment, is battling a crisis of credibility as it has come under attack from the Art of Living Foundation (AOL) founded by Sri Sri Ravi Shankar, who flaunts his proximity to the high and mighty in India and abroad. In a display of cynicism unbecoming of a spiritual leader, Ravi Shankar has mocked the NGT for slapping a fine on his organisation for causing irreparable damage to the river Yamuna-and has said that instead of the AOL paying the fine, the,NGT should be fined for "giving a green signal for holding the event".

The AOL has been engaged in a slugfest with the NGT since March 11-13, 2016, when it organised a three-day cultural extravaganza on the river's floodplains, flouting environmental norms ("Against all norms", *Frontline*, April 1, 2016). Although environmentalists had petitioned the NGT to ban the event, the green court then refused to do so, saying the cultural programme had become a *''fait accompli"*. However, it said the organisation would have to pay for the repair and rehabilitation of the floodplains. At that time the NGT imposed a fine of Rs.5 crore on the organisation, saying the exact damage would be spelt out after an assessment by an expert committee headed by the Secretary of the Water Resources Ministry. The committee submitted its report on April 12, 2017, slapping a fine of Rs.42 crore on the AOL, saying the cultural event' had not only damaged the flood- plains but totally ruined them.



"The ground is now totally levelled, compacted and hardened and is totally devoid of waterbodies or depressions and almost completely devoid of any vegetation," the committee said. It further said that the damage would actually cost more than Rs.42 crore and would need at least 10 years to fix. The committee recommended a time-bound action plan comprising two components: physical and biological rehabilitation. The physical component is estimated to cost around Rs.28.73 crore and the biological rehabilitation around Rs.13.29 crore. The committee said additional costs would be incurred in monitoring the rehabilitation by a team of experts for 10 years and as the cost of transportation of material outside the floodplains.

The 47-page report, which is available on the NGT website, estimates that approximately 300 acres (one acre is 0.4 hectare) of the flood-plains west of the Yamuna and about 120 acres of the floodplains on the eastern side of the river have been adversely impacted ecologically.

**SCANT REGARD**

The AOL has not only ridiculed the committee's report but gone as far as to describe the committee as biased and acting with a vested interest. In an explanation put up on the AOL's website, Ravi Shankar castigated the NGT and said that it was a joke that he, the protector of so any rivers (27) and ponds, was being penalised for damaging the Yamuua, which in any case is battling a crisis of survival.

"If at all any fine has to be levied, it should be levied on the Central and State governments and the NGT itself for giving the permission. If the Yamuna was so fertile, fragile and pure, they should have stopped World Culture Festival at the very beginning," Ravi Shankar said in the explanation.

He further said that the AOL had obtained all the necessary permissions for the event, including that of the NGT. The statement said: "The application was pending before the NGT for two months before the event. They could have stopped the event in the beginng if they wanted to. It defies all principles of natural justice that you give permissions and slap a fine for not violating any rules! This is like giving a 'challan' to someone on a green signal!".



"A historic program[me] deserving of applause and appreciation is unjustly projected as a crime! Witnessed by 1.8 billion people all over the world and a massive turnout on the ground, a floating stage of 7 acres without any foundation (a marvel in itself!), the event polluted neither air, water nor land. The world over, cultural program[me]s are held on riverbanks. The whole idea was to bring awareness to save the river. The Art of Living that has rejuvenated 27 rivers, planted 71 million trees and revived several ponds is being projected for destroying a dead river. What a joke!"

The website also features an article by the AOL's legal team that rubbishes the expert committee's estimate of the damage, saying the same committee had earlier pegged the damage at Rs.120 crore without any basis and then hastily withdrawn it when it found it difficult to defend. Calling the committee "biased and irresponsible", the legal team said it wanted the committee to be reconstituted in the beginning itself, a plea which was not granted. Objecting to the committee members giving statements, the legal team said on the website: "Then we wanted to cross-examine the committee, but even that was not accepted". The organisation has also posted satellite images from 2008 onwards from Google Earth to show that no damage was done to the river.

**DEFAMATION CASE**

Taking a serious view of the verbal attack by Ravi Shankar, the NGT has slapped a defamation case against him. Interestingly, the issue is turning out to be a test case for all institutions' Central and State, that' are entrusted with the task of protecting the environment and their level of commitment to it.

A major sticking point is the fact that a mega event of such mind-boggling dimensions was allowed to take place on the fragile river plain: over 35 lakh people from 155 countries, including 35,973 artists from 24 countries, were to occupy a venue spread over 1,000 acres. The event was graced by none other than the Prime Minister himself, with many Union Ministers in tow. The seven- acre stage was 1,200 feet long (one foot is 0.3 metre), 200 feet wide and 40 feet high.



The event held significance for the AOL as it was organised to commemorate its 35 years of existence. But the question remains as to what was the Central government's compulsion to bend over backwards to accommodate it on the river plain. Also baffling is the fact that the government went out of its way to facilitate a private programme, ignoring environmental concerns voiced by a huge section of activists and the media. In an unprecedented move, the government even directed the Army to put in place two pontoon bridges to facilitate the movement of those attending the event. Even the mandatory fire and security clearances were obtained only hours before the programme began.

**DDA'S PERMISSION**

The Delhi Development Authority (DDA), which manages the Yamuna floodplains, surprisingly asked no questions about the nature of the event proposed to be organised when the AOL approached it for permission in December 2015. According to existing norms, no construction activity, permanent or otherwise, can be allowed on the floodplains because it can cause ecological damage to the fragile ecosystem of the river. Senior DDA officials told *Frontline* then that they were completely taken for a ride by the spiritual guru because permission had been sought only for a small "recreational activity". The official said that the AOL had not disclosed the extent of the programme and they had no reason to believe that the programme would be so huge. "Since no permanent structures were to be raised, we did not object," the official had said.

But what was more worrying was the reaction of the Central government once environmental activists started raising questions and they approached the NGT. The NGT constituted a committee in February 2016 to look into the concerns. The committee, which comprised environmental experts, professors of the Indian Institutes of Technology and government officials, pointed out serious irregularities and recommended a fine of Rs.120 crore to be imposed on the AOL. This estimate, however, was hastily withdrawn by the committee as it was based on only a "cursory visual assessment" and was not substantiated by any scientific study.

TheAOL had maintained that its programme was not going to cause any damage to the river and that it would, instead, help in rebuilding the river. The organisation had promised that only



temporary structures with biodegradable materials that would not cause any harm to the river would be used for the programme. The organisation had also promised that hundreds of bio-toilets would be installed for the people congregating there so that the river did not get polluted.

In a detailed statement then, the AOL said: ‘We have used only ecofriendly material like wood, mud, cloth, and scaffolding towards building a temporary stage for the purpose of holding a three-day festival.” The statement noted that the AOL had worked towards restoration of dying rivers in the country and that its volunteers had participated in the Meri Dilli Meri Yamuna campaign in 2010. It claimed that when the site of the festival was identified in December 2015, there was already massive dumping of construction debris on 25 acres ofland and this was brought to the notice of the DDA.

“Only upon the grant of permission from the authorities/DDA in its letter dated December 21, 2015, the Art of Living started the process of removal/clearing of the said debris from December 22$^{nd}$ 2015 till date,” it said.

Stating that 650 bio-toilets were being installed to ensure that no waste was passed into the Yamuna, the foundation said: ‘We have not cleared any greenery or levelled the area by dumping any construction debris as alleged. The material used towards construction of the temporary stage is not in any manner embedded in the riverbed.” Further it claimed that the venue was at a safe distance from the riverbank, that the pontoon bridges were constructed with permission from the authorities and that no parking area had been created on the floodplains.

The NGT, in what now appears to be an abject surrender, allowed the programme to go ahead even as it criticised every single agency entrusted with the task of managing the environment, but only after imposing a fine of Rs.5 crore on the AOL. The AOL, displaying brazen disregard for the NGT’s authority, refused to pay the fine, saying it had done no wrong. But when it was pulled up by the NGT, it said that it was a charitable organisation and giving such a huge fine in such a short time was not possible and asked for four weeks’ time to pay. The NGT finally directed the AOL to pay Rs.251akh before the start of the programme and the rest in three weeks’ time, which the organisation subsequently paid with great reluctance.



What causes concern now is the fact that the AOL has mocked the authority of the NGT itself, which can set a bad precedent if the organisation is allowed to get away with it. “Now it has basically become a war of perception between the AOL and the NGT. Let us see who gets to win,” said Vimlendu Jha, executive director of Swechha, a non-governmental organisation that was one of the petitioners opposing the event.

**AILING RIVER**

The moot question remains as to why the organisation had to select the banks of the Yamuna for the event. The area where the cultural festival was organised has been totally converted into flattened, hardened land, and looks like a football ground; it is unlikely that any vegetation will grow on this patch ever.

The Yamuna is anyway gasping for breath. The river starts its journey from Yamunotri in the Himalayas as a healthy water body, which is considered sacred by millions of people Some 375 km into its journey it enters the Wazirabad barrage in Delhi, where it starts to get polluted. Along its 22 km- long journey in Delhi, it becomes the recipient of millions of tonnes of solid waste, sewage, industrial waste, pesticides and fertilizers. The river has only 2 per cent of its entire catchment area in Delhi, but over 80 per cent of the pollution occurs here.

Various studies have proved that the Yamuna has become a category E river, which means that its water is not fit for drinking or bathing but is only fit for industrial cooling, irrigation, and such purposes. According to an article by the geologist Anil Kumar Mishra in *Journal of Water Resource and Protection*, published by Scientific Research, a healthy river should have 5 rng/l of dissolved oxygen (DO), and a biological oxygen demand (BOD) level of 3 mg/l, and the coliform content should not exceed 500 per 100 ml of water. In the Yamuna though, DO is nil, BOD ranges much above the prescribed level, at 14 to 28 mg/l, and the coliform level at certain points is as high as 50,000 per 100 ml of water. Solid waste generated by a population of over 10 million people, most of which is untreated, gets dumped into the river through 19 drains. In addition, 42 industrial units dump their toxic waste into the river (22 units in Haryana and 17 units in Uttar Pradesh do the same).



According to official estimates, Rs.l,500 crore has been spent in cleaning the river since 1993 but to no avail. The AOL's claim that the programme was organised to rejuvenate the river is unfounded.

Efforts to speak to AOL representatives were futile. NGT officials said they had put everything they had to say on the issue on its website.

Frontline,

26 May, 2017.



# Illusions of a recovery

**The growth in China and India is difficult to sustain because of dependence on debt, and making these countries the growth poles for the global economy, which the IMF forecasts will grow at 3.5 per cent this year, is unwarranted.**

**C.P. Chandrasekhar**

